## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 724** **10-02-2025 - ൽ മറുപടിയ്ക്ക്**

### കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് മുഖേന പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | നിക്ഷേപകർക്ക് നിക്ഷേപം തിരികെ നൽകുന്നതിന് സാധിക്കാത്ത സഹകരണ സംഘങ്ങൾക്ക്, നിക്ഷേപം തിരികെ നൽകുന്നതിനായി കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് മുഖേന പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (എ) | നിക്ഷേപകർക്ക് നിക്ഷേപം തിരികെ നൽകുന്നതിന് സാധിക്കാത്ത സഹകരണ സംഘങ്ങൾക്ക് സാമ്പത്തിക സഹായം/ വായ്പ അനുവദിക്കുന്നതിനുള്ള വ്യവസ്ഥ നിലവിലുള്ള സ്കീമിൽ ഉൾപ്പെടുത്തിക്കൊണ്ട് കേരള സഹകരണ നിക്ഷേപ ഗ്യാരന്റി (ഭേദഗതി) സ്കീം 2024 ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ടി സ്കീമിന്റെ അടിസ്ഥാനത്തിൽ കേരള നിക്ഷേപ ഗ്യാരന്റി സ്കീമിന്റെ പ്രവർത്തി ക്രമീകരണ വ്യവസ്ഥകൾ (Regulations) അംഗീകരിച്ച് ഉത്തരവായിട്ടുള്ളതുമാണ്.<br><br>സമാപ്തീകരണ നടപടികളിലുള്ള സഹകരണ സംഘങ്ങൾ/ നിർജീവാവസ്ഥയിലുള്ള സഹകരണ സംഘങ്ങൾ എന്നിവ ഒഴികെയുള്ള ഗ്യാരന്റീഡ് സംഘങ്ങൾക്ക് നിക്ഷേപകർക്ക് പണം നൽകുന്നതിനായി ബോർഡിൽ നിന്നും വായ്പയായി സംഘങ്ങൾക്ക് ധനസഹായം/ വായ്പ നൽകുക എന്നതാണ് ടി പദ്ധതിയുടെ ലക്ഷ്യം. ധന സഹായം/ വായ്പക്കായി സമർപ്പിക്കുന്ന അപേക്ഷകളിൽ സഹകരണ സംഘം രജിസ്ട്രാർ ശിപാർശ ചെയ്യുകയും അപേക്ഷയോടൊപ്പം പുനരുജ്ജീവന പാക്കേജും ഉൾപ്പെടുത്തേണ്ടതായിട്ടുണ്ട്.<br><br>ബോർഡ് അനുവദിക്കുന്ന ധന സഹായം/ വായ്പ തുക ഒരോ നിക്ഷേപകനും പരമാവധി 5 ലക്ഷം (അഞ്ച് ലക്ഷം) രൂപ വരെയുള്ള നിക്ഷേപങ്ങൾ തിരികെ നൽകുന്നതിനായി ഉപയോഗിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ